Sahapedia
C 1/3, First Floor
Safdarjung Development Area
New Delhi 110016
+91-11- 41065046/47
www.sahapedia.org

*പത്രക്കുറിപ്പ്* *08.02.2018*

**സഹപീഡിയ ഇന്ത്യ ഹെറിറ്റേജ് വോക്ക് ഫെസ്റ്റിവൽ;**
**പൈതൃക പദയാത്ര കൊച്ചിയിൽ ഫെബ്രു. 10നും 17നും**

കൊച്ചി: രാജ്യത്തിന്റെ പൈതൃക വൈവിധ്യംതേടി രാജ്യവ്യാപകമായി 20 നഗരങ്ങളിലും പട്ടണങ്ങളിലുമായി നടത്തുന്ന പദയാത്രയുടെ ഭാഗമായി കൊച്ചിയുടെ സാംസ്കാരികമുദ്രകളെ തൊട്ടറിഞ്ഞുകൊണ്ടുള്ള യാത്ര ഈ മാസം 10, 17 തിയതികളിൽ നടത്തും.

സ്വതന്ത്ര കലാ-സാംസ്കാരിക ഓൺലൈൻ വിജ്ഞാനകോശമായ സഹപീഡിയ, യെസ് ബാങ്കിന്റെ കീഴിലുള്ള യെസ് ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാംസ്കാരിക വിഭാഗമായ യെസ് കൾച്ചറുമായി ചേർന്നാണ് പൈതൃകസഞ്ചാരം സംഘടിപ്പിക്കുന്നത്. യാത്രകളിൽ ആദ്യത്തേത് ഫെബ്രുവരി 10 ശനിയാഴ്ച, കൊച്ചി രാജവംശത്തിന്റെ ഭരണസിരാകേന്ദ്രമായിരുന്ന തൃപ്പൂണിത്തുറയിലാണ്. രണ്ടാമത്തേത് ഇടപ്പള്ളിയിലെ കേരള ചരിത്ര മ്യൂസിയത്തിലൂടെ ഫെബ്രുവരി 17 ശനിയാഴ്ച നടക്കും.

കൊച്ചി രാജകുടുംബാംഗവും സംരംഭകനുമായ ശ്രീ. ബാലഗോപാലാണ് തൃപ്പൂണിത്തുറയിലൂടെയുള്ള പൈതൃകനടത്തത്തിൽ യാത്രികരെ നയിക്കുന്നത്. സ്റ്റാച്യൂ ചത്വരം, ക്ലോക്ക് ടവർ(മണിമാളിക), പൂർണത്രയീശ ക്ഷേത്രം, കളിക്കോട്ട കൊട്ടാരം, ഇരുമ്പുപാലം, ആനക്കൊട്ടിൽ എന്നീ സ്ഥലങ്ങളിലേക്ക് യാത്രാവഴികൾ നീളും. 'രാജകീയ ഗാഥകൾ- തൃപ്പൂണിത്തുറയെ കണ്ടെത്തൽ' എന്ന പേരിൽ നടക്കുന്ന യാത്രയിൽ കൊച്ചിയുടെ സാംസ്കാരിക ബഹുസ്വരത, അടിസ്ഥാന സൗകര്യങ്ങൾ, ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ച, പരമ്പരാഗതകലകളുടെ സംരക്ഷണം എന്നിവയിൽ കൊച്ചി രാജ കുടുംബത്തിന്റെ സംഭാവനകളും അവലോകനം ചെയ്യും.

കലാസമ്പന്നമായ ഈടുവയ്പുകൾ നിറഞ്ഞ, നഗരത്തിലെ ഏറ്റവും പുരാതനമായ ഇടപ്പള്ളി കേരള ചരിത്ര മ്യൂസിയത്തിലൂടെയുള്ള പൈതൃകനടത്തം, കൊച്ചി മാധവൻ നായർ ഫൗണ്ടേഷന്റെ സഹകരണത്തോടെ ചിത്രകാരി അതിദി നായരുടെ നേതൃത്വത്തിൽ നടക്കും.

പദയാത്രകൾക്കുപുറമെ, കൊച്ചിയിലെ യഹൂദരുടെ ചരിത്രം ചർച്ച ചെയ്യുന്ന ബൈഠക്കും ഫെബ്രുവരി 23ന് നടക്കും. കേരളത്തിൽ അവശേഷിക്കുന്ന ജൂതവംശജരിൽ ഒരാളും മേത്തർ ബസാറിലെ കാവുംഭാഗം സിനഗോഗിന്റെ രക്ഷാധികാരിയുമായ ഏലിയാസ് ജോസഫായ് ജൂതവംശത്തിന്റെ ചരിത്രത്തെയും പാരമ്പര്യത്തെയും പറ്റി വിശദീകരിക്കും. പൈതൃക കാൽനടയാത്രയെയും അനുബന്ധപരിപാടികളെയും പറ്റിയുള്ള കൂടുതൽ വിവരങ്ങൾ, യാത്രാവഴികൾ, റജിസ്ട്രേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എന്നിവ http://www.indiaheritagewalkfestival.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. .

രാജ്യത്തെ 20 നഗരങ്ങളും പട്ടണങ്ങളുമുൾപ്പെടുന്ന ഈ യാത്രകളിൽ ചരിത്ര സ്മാരകങ്ങളും ആരാധനാലയങ്ങളും കലാസാംസ്കാരിക പ്രാധാന്യവും തനതുഭക്ഷണപാരമ്പര്യവുമുള്ള സ്ഥലങ്ങളും വാണിജ്യകേന്ദ്രങ്ങളുമെല്ലാം ഉൾപ്പെടുന്നു.സാംസ്കാരികപ്രമേയങ്ങൾ കേന്ദ്രമാക്കിയുള്ള ഓൺലൈൻ ഡോക്കുമെന്ററി ഫെസ്റ്റിവൽ, പ്രഭാഷണപരമ്പകൾക്കായുള്ള ബൈഠക്കുകൾ, ഇൻസ്റ്റമീറ്റുകൾ എന്നിവയുൾപ്പെടെ എഴുപതോളം പരിപാടികളാണ് ഐഎച്ച്ഡബ്ള്യുഎഫിന്റെ ഭാഗമായി ഈ മാസം നടക്കുന്നത്

സഹപീഡിയയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ ആഘോഷമാണ് ഇന്ത്യ ഹെറിറ്റേജ് ഫെസ്റ്റിവലിൽ കാണാനാവുകയെന്നും നമ്മുടെ സമൃദ്ധമായ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും വിശ്വസനീയവും ആധികാരികവും സമഗ്രവുമായ ഉള്ളടക്കം സൃഷ്ടിക്കുകയും സാംസ്കാരിക തൽപരരുടെ ശൃംഖല വളർത്തിയെടുക്കുകയുമാണ് ഇത്തരം യാത്രകളുടെ ലക്ഷ്യമെന്ന് ഫെസ്റ്റിവൽ ഡയറക്ടറും സഹപീഡിയ സെക്രട്ടറിയുമായ വൈഭവ് ചൗഹാൻ പറഞ്ഞു.


Sahapedia is a registered society. Registration number: District East/Society/291/2011

Sahapedia
C 1/3, First Floor
Safdarjung Development Area
New Delhi 110016
+91-11- 41065046/47
www.sahapedia.org

വാസ്തുകലാനിർമിതികളിലൂടെയും സ്മാരകങ്ങളിലൂടെയും ദൃശ്യമാകുന്ന സമ്പന്നമായ പൈതൃകവും സാംസ്കാരിക ചരിത്രവും ഭാരതത്തിനുണ്ടെന്നും പൈതൃകയാത്രകൾ പോലുള്ള സംരംഭങ്ങളിലൂടെ രാജ്യത്തിന്റെ പൈതൃകത്തിന് പൗരസമൂഹം സംഭാവനകൾ നൽകുമ്പോൾ ഈ ഇടങ്ങളുടെ സംരക്ഷണം ഉറപ്പാക്കപ്പെടുന്നുവെന്നും യെസ് ബാങ്ക് എംഡിയും സിഇഒയും യെസ് ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനുമായ ശ്രീ റാണ കപൂർ പറഞ്ഞു. തദ്ദേശീയരുടെ പൂർണ പങ്കാളിത്തത്തോടെ നടക്കുന്ന പൈതൃക ടൂറിസം സംരംഭങ്ങൾ രാജ്യത്തിന്റെ അന്തസ്സ് ഉയർത്തിക്കാട്ടുകയും പൈതൃക വികസനപരിപാടികളെ മുന്നോട്ടുനയിക്കുകയും ചെയ്യുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ ഭാരതീയ പൈതൃകബോധം, ചരിത്രമന്ദിരങ്ങളുടെയും സ്മാരകങ്ങളുടെയും സംരക്ഷണത്തിനപ്പുറം കൂടുതൽ വിശാലമാകുന്നുവെന്നും ദൃശ്യവും അദൃശ്യവുമായ സാംസ്കാരിക രൂപങ്ങളുടെ സംരക്ഷണത്തിൽ ശ്രദ്ധ കാട്ടുന്നുവെന്നും യെസ് ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ലോക്കൽ കൺവീനർ ശ്രീമതി പ്രീതി സിൻഹ പറഞ്ഞു.